സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 224 2024 ഡിസംബർ 27 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പുത്തൻ സ്റ്റൈലിൽ നവകേരള ബസ് നിരത്തിലേക്ക്... എസ്കലേറ്ററും പിൻഡോറും ഒഴിവാക്കി, നിരക്കിലും മാറ്റം

തിരു:നവകേരള ബസ് വീണ്ടും നിരത്തിലേക്ക്. രൂപമാറ്റം വരുത്തിയ ബസ് ബെംഗളൂരുവിൽ നിന്നും കോഴിക്കോട് എത്തിച്ചു. കോഴിക്കോട്-ബെംഗളൂരു റൂട്ടിൽ ഉടൻ സർവീസ് പുനരാരംഭിക്കും. ടിക്കറ്റ് ചാർജ് കുറയ്ക്കാനും സമയക്രമത്തിൽ മാറ്റം വരുത്താനും ആലോചനയുണ്ട്.

2024 ജൂണിലാണ് വിവാദ താരമായ നവ കേരള ബസ് പൊതുജനങ്ങൾക്കായി നിരത്തിലിറക്കിയത്. എന്നാൽ ഇടക്കിടെ സർവീസ് മുടങ്ങിയതും, സമയക്രമവും, ചാർജ്ജും എല്ലാം പ്രശ്നമായി. ഇതിനിടെ ജൂലായിൽ ബസ് പൂർണമായും കട്ടപ്പുറത്തായി. അഞ്ചുമാസത്തിന് ശേഷമാണ് അറ്റകുറ്റപ്പണി നടത്തി ബസ് വീണ്ടും സർവീസിന് ഒരുങ്ങുന്നത്. 26 സീറ്റുകൾ എന്നത് 37 ആയി ഉയർത്തിയിട്ടുണ്ട്.

വയനാട് പുനരധിവാസം; സർക്കാരിന് ആശ്വാസം

ടൗൺഷിപ്പിനുള്ള ഭൂമി നാളെ മുതൽ അളന്ന് തിട്ടപ്പെടുത്താമെന്ന് ഹൈക്കോടതി

കൊച്ചി: വയനാട് ദുരിതബാധിതർക്കായി എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കാനുള്ള നീക്കത്തിനെതിരെ ഉടമകൾ നൽകിയ ഹർജി തള്ളി. ഹാരിസൺ മലയാളം ലിമിറ്റഡ്, എൽസ്റ്റോൺ ടീ എസ്റ്റേറ്റ് എന്നിവർ നൽകിയ ഹർജിയാണ് ഹൈക്കോടതി തള്ളിയത്. നാളെ മുതൽ ഭൂമി അളന്ന് തിട്ടപ്പെടുത്താമെന്നും ഹൈക്കോടതി ഉത്തരവിട്ടു.

വയനാട് ദുരിതബാധിതർക്കായി ഒരു ടൗൺഷിപ്പ് ഒരുക്കാൻ സർക്കാർ നീങ്ങുന്നതിനിടെയാണ് അതിനെതിരെ ഉടമകൾ ഹർജി നൽകിയത്. ഇതിന്റെ വിശദമായ വാദം കഴിഞ്ഞ നവംബർ 26ന് പൂർത്തിയായി. ജസ്റ്റിസ് കൗസർ എടപ്പകത്തിന്റെ ബെഞ്ച് ഇന്ന് രാവിലെയാണ് ഉത്തരവിട്ടത്. നിലവിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, എൽസ്റ്റോൺ ടീ എസ്റ്റേറ്റ് എന്നിവരുടെ കൈവശമുള്ള ഭൂമി സർക്കാരിന് നിയമതടസമില്ലാതെ ഏറ്റെടുക്കാമെന്ന് ഹൈക്കോടതി അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ചില വ്യവസ്ഥകളും കോടതി അറിയിച്ചു.

2013ലെ ലാൻഡ് അക്വിസിഷൻ നിയമപ്രകാരം കമ്പനി ഉടമകൾക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകണം. തടസമുണ്ടെങ്കിൽ കമ്പനികൾക്ക് നിയമപരമായി മുന്നോട്ടുപോകാം. സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്താനെത്തുമ്പോൾ തടസം നിൽക്കരുത്, വേണ്ട എല്ലാ സഹായങ്ങളും ചെയ്ത് കൊടുക്കണമെന്നും കമ്പനി ഉടമകൾക്കും നിർദേശം നൽകി. ഭൂമി പൂർണമായും ഏറ്റെടുക്കുന്നതിന് മുമ്പ് നഷ്ടപരിഹാരം തുക പൂർണമായും നൽകിയിരിക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു. സർക്കാരിനും ദുരന്തബാധിതകർക്കും വളരെയേറെ ആശ്വാസം നൽകുന്നതാണ് ഹൈക്കോടതിയുടെ നടപടി.

പുഷ്പചക്രമർപ്പിച്ച് പ്രധാനമന്ത്രി; അമിത് ഷായും ജെ.പി.നഡ്ഡയും വസതിയിലെത്തി

ന്യൂഡൽഹി മൻമോഹൻ സിങ്ങിന്റെ ഭൗതികശരീരത്തിൽ പുഷ്പചക്രമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. അമിത് ഷായും ജെ.പി.നഡ്ഡയും മൻമോഹന്റെ വസതിയിലെത്തി. രാജ്യത്ത് 7ദിവസത്തെ ദുഃഖാചരണം. ഇന്ന് സർക്കാർ ചടങ്ങുകൾ ഒഴിവാക്കി. കോൺഗ്രസും ഏഴുദിവസത്തെ ദുഃഖാചരണം നടത്തും. പാർട്ടി സ്ഥാപകദിനാഘോഷം ഉൾപ്പെടെ മാറ്റിവച്ചു.

സംസ്കാരം നാളെ. ഗാന്ധിജി അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിന് അടുത്താകും മുൻ പ്രധാനമന്ത്രിക്ക് സമാധിസ്ഥലമൊരുക്കുക. നാളെ രാവിലെ മുതൽ കോൺഗ്രസ് ദേശീയ ആസ്ഥാനത്ത് പൊതുദർശനം. ഇന്ന് 11 മണിക്ക് ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാവും സംസ്കാര ചടങ്ങുകളുടെ സമയക്രമം തീരുമാനിച്ചു.മുഖ്യമന്ത്രിമാരടക്കമുള്ള പ്രമുഖർ അന്തിമോപചാരമർപ്പിക്കാൻ ഡൽഹിയിലെത്തും.

ചീഫ് സെക്രട്ടറിയോട് തിരിച്ച് വിശദീകരണം ചോദിച്ച് എൻ പ്രശാന്ത്

തിരു: അച്ചട ക്ക ലംഘനത്തിന് ചാർജ് മെമ്മോ നൽകിയ ചീഫ് സെക്രട്ടറിയോട് തിരിച്ച് വിശദീകരണം ചോദിച്ച് സസ്പെൻഷനിൽ കഴിയുന്ന ഐഎഎസ് ഉദ്യോഗസ്ഥനായ എൻ പ്രശാന്ത്. ചീഫ് സെക്രട്ടറി ഏഴ് കാര്യങ്ങൾക്ക് വിശദീകരണം നൽകണമെന്നാണ് പ്രശാന്ത് ആവശ്യപ്പെട്ടിരിക്കുന്നത്. താൻ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾക്ക് മറുപടി തന്നാലേ ചാർജ് മെമ്മോയ്ക്ക് മറുപടി നൽകൂവെന്നാണ് പ്രശാന്ത് നിലപാടെടുത്തിരിക്കുന്നത്.

തന്റെ ഫേസ്ബുക്ക് പോസ്റ്റുകൾക്കെതിരെ ജയതിലകും ഗോപലകൃഷ്ണനും ആർക്കും പരാതി നൽകിയിട്ടില്ല. പിന്നെ സർക്കാർ സ്വന്തം നിലയിൽ മെമ്മോ നൽകുന്നതിൽ എന്താണ് യുക്തി, സസ്പെന്റ് ചെയ്യുന്നതിന് മുമ്പോ ചാർജ് മെമ്മോ നൽകുന്നതിന് മുമ്പോ എന്ത് കൊണ്ട് തന്റെ ഭാഗം കേൾക്കാൻ തയ്യാറായില്ല, ചാർജ് മെമ്മോക്കൊപ്പം വച്ച തന്റെ ഫേസ്ബുക്ക് പോസ്റ്റുകളുടെ സ്ക്രീൻ ഷോട്ടുകൾ ആരാണ് ശേഖരിച്ചത്, ഏത് സർക്കാർ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ നിന്നാണിത് ശേഖരിച്ചത്, ഏത് ഉദ്യോഗസ്ഥനെയാണ് ഇതിന് ചുമതലപ്പെടുത്തിയത്. തനിക്ക് കൈമാറിയ സ്ക്രീൻ ഷോട്ടിൽ കാണുന്നത് ഒരു സ്വകാര്യവ്യക്തിയുടെ അക്കൗണ്ടാണ്. അതിനാൽ സ്വകാര്യവ്യക്തിയുടെ അക്കൗണ്ടിൽ നിന്നാണ് ചാർജ് മെമ്മോ തയ്യാറാക്കിയതെന്ന് വ്യക്തം. ഇതിന് ചീഫ് സെക്രട്ടറി മറുപടി നൽകണം. സ്വകാര്യ വ്യക്തി ശേഖരിച്ചതാണെങ്കിൽ ഇതെങ്ങനെ സർക്കാരിന്റെ ഫയലിൽ കടന്നുകൂടി? ഐടി നിയമപ്രകാരം സർട്ടിഫൈ ചെയ്ത് കൃത്രിമം ഇല്ലെന്ന് ഉറപ്പ് വരുത്തിയിട്ടാണോ ഡിജിറ്റൽ സ്ക്രീൻ ഷോട്ടുകൾ ശേഖരിച്ചത് തുടങ്ങിയ ചോദ്യങ്ങൾക്ക് വിശദീകരണം നൽകണമെന്നാണ് പ്രശാന്ത് ആവശ്യപ്പെട്ടിരിക്കുന്നത്.

അഡീഷണൽ ചീഫ് സെക്രട്ടറി ജയതിലകിനെയും വ്യവസായ വകുപ്പ് ഡയറക്ടറായിരുന്ന കെ ഗോപാലകൃഷ്ണനെയും ഫേസ്ബുക്കിലൂടെ അപകീർത്തിപ്പെടുത്തിയതിനാണ് പ്രശാന്തിനെ സസ്പെന്റ് ചെയ്തത്. തുടർന്ന് വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറി ചാർജ് മെമ്മോയും നൽകി. ഇതിനുപിന്നാലെ മെമ്മോയ്ക്ക് മറുപടി പറയുന്നതിനുപകരം മേലധികാരിക്കെതിരെ വിശദീകരണം ചോദിച്ചിരിക്കുന്നത്.

പ്രശാന്തിന്റെ അസാധാരണമായ നടപടിയിൽ സർക്കാരിന് കടുത്ത അമർഷമുണ്ട്. ഐഎഎസ് തലപ്പത്തെ പോര് സർക്കാരിന് കടുത്ത മാനക്കേട് ഉണ്ടാക്കിയിരിക്കുന്നതിനിടയാണ് പ്രശാന്തിന്റെ വിശദീകരണം ചോദിക്കൽ. ഇതോടെ കടുത്ത നടപടികളിലേക്ക് സർക്കാർ കടന്നേക്കുമെന്നാണ് റിപ്പോർട്ടുകൾ.

ചോദ്യങ്ങളെ പേടിയില്ലാത്ത പ്രധാനമന്ത്രി, നടത്തിയത് 117 വാർത്താസമ്മേളനങ്ങൾ

ന്യൂഡൽഹി: പ്രവൃത്തികളിലൂടെ ശക്തനായി മാറിയ നേതാവായിരുന്നു അന്തരിച്ച മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ്. തുടർച്ചയായി രണ്ടു തവണയാണ് (2004 മുതൽ 2014വരെ) അദ്ദേഹം രാജ്യത്തിന്റെ പ്രധാനമന്ത്രിയായി അധികാരത്തിലിരുന്നത്. അതിനുമുൻപും വിവിധ പ്രധാന സ്ഥാനങ്ങളും അലങ്കരിച്ചിരുന്നു. സാമ്പത്തിക രംഗത്തും അടിസ്ഥാനവർഗത്തിന്റെ ക്ഷേമത്തിനുമായി നിരവധി നിയമനിർമാണങ്ങളും അദ്ദേഹം നടപ്പിലാക്കിയിരുന്നു. വിവാരാവകാശ നിയമവും സംവരണ നിയമങ്ങളുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.

മാദ്ധ്യമങ്ങൾ തൊടുത്തുവിട്ട പല ചോദ്യങ്ങൾക്കും പ്രസ്താവനകൾക്കും കൃത്യമായ ഉത്തരവും അഭിപ്രായങ്ങളും ശക്തമായി പറഞ്ഞ നേതാവാണ് മൻമോഹൻ സിംഗ്. എന്നിട്ടും പല ഭാഗങ്ങളിൽ നിന്നും അദ്ദേഹത്തിന് വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. ചിലർ അദ്ദേഹത്തെ മൃദു ഭാഷിയെന്നും മൗനിയെന്നൊക്കെ അഭിസംബോധന ചെയ്തിരുന്നു.

എന്നാൽ ഈ വിമർശനങ്ങളെ കാറ്റിൽപറത്തുന്ന കാഴ്ചയായിരുന്നു 2014 ജനുവരി 3ന് മൻമോഹൻ സിംഗ് നടത്തിയ അവസാനത്തെ പത്രസമ്മേളനം പറഞ്ഞുവയ്ക്കുന്നത്. അന്ന് നൂറോളം മാദ്ധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്കാണ് മൻമോഹൻ സിംഗ് ഉത്തരം നൽകിയത്. ഒരു ചോദ്യങ്ങൾ പോലും മുൻപ് തയ്യാറാക്കിയവരായിരുന്നില്ല. ഇന്ന് ഇന്ത്യയുടെ നിലവിലെ പ്രധാനമന്ത്രി നരേന്ദ്രമോദി വാർത്താ സമ്മേളനങ്ങളോട് മുഖം തിരിക്കുമ്പോൾ മൻമോഹൻ മാദ്ധ്യമങ്ങളെ രണ്ടും കയ്യും നീട്ടി സ്വീകരിക്കുകയാണ് ചെയ്തത്.

കഴിഞ്ഞ 10 വർഷത്തിനിടയിൽ മോദി ഒരു വാർത്താസമ്മേളത്തിൽ പോലും അഭിസംബോധന ചെയ്തിട്ടില്ല. മാസങ്ങൾക്ക് മുൻപ് മാദ്ധ്യമപ്രവർത്തകൻ പങ്കജ് പച്ചൗരി പങ്കുവച്ച ഒരു എക്സ് പോസ്റ്റിലാണ് കൂടുതൽ വിവരങ്ങൾ ഉള്ളത്. 2014ൽ മൻമോഹൻ സിംഗ് നടത്തിയ പ്രസംഗത്തിൽ മൻമോഹൻ സിംഗ് ബിജെപി സർക്കാരിനെയും നരേന്ദ്രമോദിയുടെ ഭരണവികാരത്തെയും കടന്നാക്രമിച്ചിരുന്നു. മോദിയെ ഒരു ദുരന്തമായാണ് മൻമോഹൻ സിംഗ് അന്ന് ചിത്രീകരിച്ചത്. തന്റെ ഭരണകാലത്തെക്കുറിച്ചും ഉണ്ടായ നേട്ടങ്ങളെക്കുറിച്ചും മൻമോഹൻ സിംഗ് മാദ്ധ്യമങ്ങളോട് വിശദീകരിച്ചിരുന്നു.

സമകാലിക മാദ്ധ്യമങ്ങളെക്കാളും പാർലമെന്റിലെ ഇടതുപക്ഷത്തേക്കാളും ചരിത്രം തന്നോട് ദയ കാണിക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചിരുന്നു. മാദ്ധ്യമങ്ങൾ തൊടുത്തുവിട്ട 62 ചോദ്യങ്ങൾക്കാണ് മൻമോഹൻ സിംഗ് ആർജവത്തോടെ ഉത്തരം നൽകിയത്. ആ ഉത്തരങ്ങളെല്ലാം അദ്ദേഹത്തിന് ഇന്ത്യൻ രാഷ്ട്രീയത്തോടുള്ള സുതാര്യതയും ഉത്തരവാദിത്തവും എടുത്തുകാണിക്കുന്ന തരത്തിലുള്ളതായിരുന്നു. അഴിമതിക്കെതിരെയാണ് സർക്കാർ നീണ്ട 10 വർഷം ഭരണം നടത്തിയതെന്നും അദ്ദേഹം മറുപടികളിലൂടെ വ്യക്തമാക്കിയിരുന്നു. പൊതുസേവനത്തിനായി ജീവിതത്തിൽ നീണ്ട കാലയളവ് മാ?റ്റി വച്ച വ്യക്തിയാണ് താനെന്നും മൻമോഹൻ സിംഗ് പറഞ്ഞിരുന്നു.

പ്രധാനമന്ത്രിയായി ചുമതലയേറ്റ ആദ്യഘട്ടത്തിൽ മാദ്ധ്യമങ്ങൾ അദ്ദേഹത്തിന്റെ ഭരണത്തിൽ നിർണായക സ്ഥാനം വഹിച്ചിരുന്നു. മോദിയെക്കാളും മാദ്ധ്യമങ്ങളുമായി അടുത്ത് ഇടപെഴകിയ വ്യക്തിയായിരുന്നു മൻമോഹൻ സിംഗ്. മാദ്ധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങളോട് മോദിക്ക് വിമുഖത ഉണ്ടായിട്ടും 2023ൽ അമേരിക്കയിൽ വൈറ്റ് ഹൗസ് സന്ദർശിക്കാനെത്തിയ അദ്ദേഹത്തോട് മാദ്ധ്യമ പ്രവർത്തകർ രണ്ട് ചോദ്യങ്ങൾ ചോദിച്ചിരുന്നു. അവയ്ക്ക് മോദി നൽകിയ ഉത്തരം ദി വയറിലെ ഒരു ലേഖനത്തിൽ ചൂണ്ടികാണിക്കുന്നുണ്ട്.

മുൻകൂട്ടി തയ്യാറാക്കാത്ത ചോദ്യങ്ങളോട് മോദി പ്രതികരിച്ചത് വലിയ വാർത്തായായിരുന്നു. അന്ന് ഇന്ത്യയിലെ പല മാദ്ധ്യമങ്ങളും ഇതിനെക്കുറിച്ച് ചർച്ച നടത്തിയിരുന്നു. രാജ്യത്തുള്ള പൊതുവിഷയങ്ങളെക്കുറിച്ച് സാധാരണഗതിയിൽ മൻകീബാത്ത് എന്ന റേഡിയോ പരിപാടിയിലൂടെയാണ് മോദി അഭിസംബോധന ചെയ്യാറുള്ളത്. 2024ലെ തിരഞ്ഞെടുപ്പ് സമയങ്ങളിലും മോദി മാദ്ധ്യമങ്ങളുമായി നേരിട്ട് സംവദിക്കാത്തത് ബിജെപിയുടെ നേതൃത്വത്തെയും ഉത്തരവാദിത്തെത്തയും ചോദ്യം ചെയ്യുന്നതായിരുന്നുവെന്ന് അന്ന് പല നേതാക്കളും വിമർശിച്ചിരുന്നു.

അതേസമയത്താണ് മൻമോഹൻ സിംഗ് അദ്ദേഹത്തിന്റെ ഭരണകാലഘട്ടത്തിൽ 117 തവണ മാദ്ധ്യമങ്ങളുമായി നേരിട്ട് അഭിസംബോധന ചെയ്തിട്ടുണ്ടെന്ന് കോൺഗ്രസ് എംപി മനീഷ് തീവാരി ചൂണ്ടിക്കാണിച്ചത്. അവയിൽ 72 എണ്ണം വിദേശയാത്രക്കിടയിലും പത്തെണ്ണം വർഷം തോറും, 23 എണ്ണം ആഭ്യന്തര സന്ദർശനം നടത്തിയപ്പോഴും 12 എണ്ണം തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലുമായിരുന്നു.

മൻമോഹൻ സിംഗിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തി യുഎസ്

വാഷിംഗ്ടൺ: മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി അമേരിക്ക. 'തന്ത്രപരമായ ഉഭയകക്ഷി പങ്കാളിത്തതിന്റെ ഏറ്റവും മികച്ച ചാമ്പ്യന്മാരിൽ ഒരാൾ' എന്നാണ് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

യുഎസ് – ഇന്ത്യ നയതന്ത്രപരമായ പങ്കാളിത്തത്തിൽ ഏറ്റവും വലിയ പങ്ക് വഹിച്ചവരിൽ ഒരാളാണ് മൻമോഹൻ സിംഗ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഇരുരാജ്യങ്ങളും ഒരുമിച്ചുണ്ടാക്കിയ പല നേട്ടങ്ങൾക്കും അടിത്തറയിട്ടതും മൻമോഹൻ സിംഗാണെന്ന് ആന്റണി ബ്ലിങ്കൻ പറഞ്ഞു. അദ്ദേഹത്തിന്റെ വേർപാടിൽ ബ്ലിങ്കൻ അനുശേചനം രേഖപ്പെടുത്തി. യുഎസ് – ഇന്ത്യ സിവിൽ ആണവ ഉടമ്പടി മുന്നോട്ടുകൊണ്ടുപോകുന്നതിൽ മൻമോഹൻ സിംഗ് നൽകിയ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം ഓർത്തു. ഇന്ത്യയുടെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിച്ച സാമ്പത്തിക പരിഷ്കാരങ്ങൾ കൊണ്ടുവന്ന മൻമോഹൻ സിംഗ് എക്കാലവും ഓർമിക്കപ്പെടുമെന്നും ബ്ലിങ്കൻ പറഞ്ഞു.

ഇന്നലെ രാത്രിയാണ് ഡോ. മൻമോഹൻ സിംഗ് (92) മരിച്ചത്. ഡൽഹി എയിംസിൽ വച്ചായിരുന്നു അന്ത്യം. ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന് ഇന്നലെ രാത്രിയാണ് അദ്ദേഹത്തെ എയിംസിലെ എമർജൻസി വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. 2004 മേയ് 22 മുതൽ മുതൽ 2014 മേയ് വരെയുള്ള തുടർച്ചയായ പത്ത് വർഷം ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നു. ജവഹർലാൽ നെഹ്റുവിന് ശേഷം അഞ്ച് വർഷം പൂർത്തിയാക്കി അധികാരത്തിൽ തിരിച്ചെത്തുന്ന ആദ്യത്തെ പ്രധാനമന്ത്രിയായിരുന്നു സിംഗ്.

മികച്ച സാമ്പത്തിക വിദഗ്ദ്ധനായി അറിയപ്പെടുന്ന മൻമോഹൻ സിംഗ് നടപ്പിലാക്കിയ ഉദാരവത്കരണ സാമ്പത്തിക നയങ്ങൾ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. അദ്ധ്യാപകനായിട്ടാണ് അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ഇന്ത്യൻ സാമ്പത്തിക രംഗത്തെ ഉടച്ചുവാർത്ത ധനമന്ത്രിയെന്നാണ് മൻമോഹൻ സിംഗിനെ വിശേഷിപ്പിക്കുന്നത്. റിസർവ് ബാങ്ക് ഗവർണർ, നരസിംഹറാവു മന്ത്രിസഭയിലെ ധനമന്ത്രി തുടങ്ങിയ പദവികളും ഡോ. മൻമോഹൻ സിംഗ് വഹിച്ചിരുന്നു.

'കോടതി ഉത്തരവ് അവിടെ നിൽക്കട്ടെ', സിപിഎം ജില്ലാസമ്മേളനത്തിന്റെ ഭാഗമായി റോഡ് കൈയേറി ബോർഡുകൾ

കോന്നി: സിപിഎം പത്തനംത്തിട്ട ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി റോഡിന് ഇരുവശമുള്ള നടപാത കൈയേറി ഫ്ളക്സ് ബോർഡുകളും കൊടിതോരണങ്ങളും സ്ഥാപിച്ചു. ഡിസംബർ 28മുതൽ കോന്നിയിൽ വെച്ച് നാലുദിവസത്തെ ജില്ലാ സമ്മേളനം നടക്കാനിരിക്കെയാണ് പുതിയ വിവാദം.

മൂന്ന് കിലോമിറ്ററോളം പാതയുടെ ഇരുവശവും കൈയേറി കൊണ്ട് കൊടിതോരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അപകടകരമായ തരത്തിലാണ് ഈ ബോർഡുകളെല്ലാം നിൽക്കുന്നത്. ചില ബോർഡുകൾ റോഡിലേക്ക് ചരിഞ്ഞാണ് നിൽക്കുന്നത്. പല ബോർഡുകളും ഉറപ്പിക്കാത്തതിനാൽ റോഡിലേക്ക് വീഴാനുള്ള സാധ്യതയുണ്ട്. രണ്ടാഴ്ച്ച മുൻപ് തന്നെ ഈ റോഡ് കൈയേറി തോരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

വിവാദമായതോടെ കോന്നി ജില്ലാ പഞ്ചായത്ത് ചില ബോർഡുകൾ എടുത്ത് മാറ്റിയെങ്കിലും രാത്രിയോടെ പ്രവർത്തകർ വീണ്ടും പുന:സ്ഥാപിച്ചു. കോന്നി – മൂവാറ്റുപുഴ പ്രധാനപാതയാണിത്. ശബരിമല കാലമായതിനാൽ റോഡിൽ തിരക്കേറിയിരിക്കുകയാണ്. സിപിഎം ജില്ലാനേതൃത്വത്തിന് ഇത് മാറ്റണമെന്ന നിർദേശം അധികൃതരിൽ നിന്ന് ലഭിച്ചുവെന്നാണ് റിപ്പോർട്ട്. സിപിഎം ജില്ലാനേതൃത്വം പ്രശ്നത്തിൽ ഇടപെട്ടിട്ടില്ല. 28,29,30 തീയതികളിലാണ് സമ്മേളനം.

നിരത്തിലോ പാതയോരത്തോ അനധികൃത ബോർഡ് കണ്ടാൽ പിഴചുമത്തണമെന്നും ഇല്ലെങ്കിൽ തദ്ദേശസ്ഥാപന സെക്രട്ടറിമാരിൽനിന്ന് ഈടാക്കണമെന്നും ഹൈക്കോടതി നേരത്തെ ഉത്തരവിറക്കിയിരുന്നു. അനധികൃതമായി ബോർഡും കൊടികളും വെക്കുന്നവർക്കെതിരേ എഫ്.ഐ.ആർ. ഇടണം. വീഴ്ച വരുത്തിയാൽ സ്റ്റേഷൻ ഹൗസ് ഓഫീസർ ഉത്തരവാദിയായിരിക്കുമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്

13കാരിയെ പീഡിപ്പിച്ച് കൊന്നു; മൃതദേഹം ബാഗിൽ; ദമ്പതികൾ പിടിയിൽ

മുംബൈ: 13 വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ ദമ്പതികളും സഹായിയും പിടിയിൽ. മഹാരാഷ്ട്രയിലാണ് ഞെട്ടിക്കുന്ന സംഭവം നടന്നത്. തിങ്കളാഴ്ച ഉച്ചയ്ക്കു കല്യണിലെ കോൽസേവാഡിയിൽനിന്ന് കാണാതായ പെൺകുട്ടിയുടെ മൃതദേഹം പിറ്റേന്നാണു കണ്ടെത്തിയത്. വീടിനു മുന്നിൽ കളിക്കുകയായിരുന്ന പെൺകുട്ടിയെ പ്രതി തട്ടിക്കൊണ്ടുപോയി പീഡനത്തിനിരയാക്കുകയായിരുന്നു. സംഭവത്തിൽ 35കാരനായ വിശാൽ ഗൗളി ഭാര്യ സാക്ഷി ഗൗളി, സഹായി എന്നിവരെയാണ് പൊലീസ് അറസ്റ്റുചെയ്തത്.

'ചോറ് ഇവിടെയാണെങ്കിലും കൂറ് അവിടെയാണെന്ന് തെളിയിച്ചു': മേയർക്കെതിര വിഎസ് സുനിൽകുമാർ

തൃശൂർ: കോർപ്പറേഷനിലെ മേയർ എംകെ വർഗീസിനെതിരെ രൂക്ഷ വിമർശനവുമായി മുൻ മന്ത്രിയും സിപിഐ നേതാവുമായ വി എസ് സുനിൽകുമാർ. ചോറ് ഇവിടെയും കൂറ് അവിടെയുമെന്ന രീതിയാണ് മേയർക്കെന്നും അദ്ദേഹം ആരോപിച്ചു.സ്നേഹ സന്ദേശയാത്രയുടെ ഭാഗമായി ബിജെപി സംസ്ഥാന അദ്ധ്യക്ഷനിൽ നിന്ന് ക്രിസ്മസ് കേക്ക് സ്വീകരിച്ചതാണ് സുനിൽകുമാറിനെ ചൊടിപ്പിച്ചതെന്നാണ് കരുതുന്നത്. കേക്ക് സ്വീകരിച്ച നടപടി ആസൂത്രിതമാണന്നും അദ്ദേഹം ഒരു വാർത്താചാനലിനോട് പറഞ്ഞു.

'ഇത്തരത്തിലൊരു സംഭവം നടത്തിയത് അദ്ദേഹത്തിന്റെ ബിജെപിയോടുള്ള രാഷ്ട്രീയ ആഭിമുഖ്യം തന്നെയാണ് വെളിപ്പെടുത്തുന്നത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി സ്ഥാനാർത്ഥിക്ക് സഹായകമാകുന്ന നടപടികളാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ചോറ് ഇവിടെയാണെങ്കിലും കൂറ് അവിടെയാണെന്ന് അന്നുതന്നെ അദ്ദേഹം തെളിയിച്ചിട്ടുള്ളതാണ്. മേയറെ മാറ്റേണ്ടത് എൽഡിഎഫ് തീരുമാനിക്കേണ്ട കാര്യമാണ്. എന്തു ചെയ്താലും സ്ഥാനം നഷ്ടപ്പെടില്ലെന്ന് അദ്ദേഹത്തിന് നന്നായി അറിയാം. എന്തുചെയ്താലും സഹിക്കേണ്ട നിലപാടിലേക്ക് വന്നാൽ നമുക്ക് ഒന്നും ചെയ്യാനായില്ല'– സുനിൽകുമാർ പറഞ്ഞു.

എംകെ വർഗീസിന്റെ സീറ്റിന്റെ ബലത്തിലാണ് തൃശൂർ കോർപ്പറേഷനിലെ ഇടതുഭരണം മുന്നോട്ടുപോകുന്നത്. മേയർ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റിയാൽ പിന്തുണ പിൻവലിക്കുമെന്നും അങ്ങനെ കോർപ്പറേഷൻ ഭരണം പോകുമെന്നും സിപിഎം ഭയക്കുന്നുണ്ട്. അതിനാലാണ് മേയർക്കെതിരെ നടപടി സ്വീകരിക്കാൻ മടിക്കുന്നത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സുരേഷ് ഗോപിയെ അദ്ദേഹം പലപ്പോഴും പുകഴ്ത്തിയിരുന്നു. ഇത് വിമർശനത്തിനിടയാക്കിയതോടെ വാക്കുകളിൽ രാഷ്ട്രീയം കലർത്തേണ്ട എന്ന മറുപടിയുമായി മേയർ രംഗത്തെത്തിയിരുന്നു.

സ്നേഹത്തിന്റെ ദിവസമായ ക്രിസ്മസിന് വീട്ടിൽ ആരുവന്നാലും സ്വീകരിക്കുമെന്നും മറ്റൊരു ചിന്തയും ഇല്ലായിരുന്നു എന്നുമാണ് സുരേന്ദ്രന്റെ സന്ദർശനത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. സുരേന്ദ്രൻ വന്നതിൽ സന്തോഷമെന്നും അദ്ദേഹം പറഞ്ഞു. മേയറുമായുള്ള കൂടിക്കാഴ്ച രാഷ്ട്രീയ പരമല്ലെന്നും സ്നേഹത്തിന്റെ സന്ദർശം മാത്രമായിരുന്നു എന്നുമാണ് സുരേന്ദ്രൻ അന്ന് മറുപടി നൽകിയത്.

എറണാകുളം സ്വദേശി വിമാനത്തിൽ മരിച്ചു

കൊച്ചി: മകനെയും കുടുംബത്തെയും കാണാൻ ബഹ്റൈനിലേക്ക് പോകുന്നതിനിടെ വിമാനത്തിൽവച്ച് 74കാരൻ മരിച്ചു. കൊച്ചിയിൽ നിന്നും ബഹ്റൈനിലേക്കുള്ള യാത്രക്കിടെ എറണാകുളം സ്വദേശിയാണ് വിമാനത്തിൽവച്ച് മരിച്ചത്. ബഹ്റൈനിലുള്ള മകനും ഒഐസിസി ബഹ്റൈൻ എറണാകുളം ജില്ലാ സെക്രട്ടറിയുമായ നിതീഷ് അബ്രഹാം സക്കറിയയുടെയും കുടുംബത്തിന്റെയും അടുത്തേക്കുള്ള യാത്രയിലായിരുന്നു തോമസ് അബ്രഹാമും ഭാര്യ ലിജിനു അബ്രഹാമും. ശാരീരികാസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് വിമാനം മസ്കത്തിൽ അടിയന്തരമായി ഇറക്കിയെങ്കിലും മരണം സംഭവിച്ചിരുന്നു.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കേരള സാഹിത്യ അക്കാദമി അനുശോചനം രേഖപ്പെടുത്തി

ജ്ഞാനപീഠം പുരസ്കാരജേതാവും കേരള സാഹിത്യ അക്കാദമിയുടെ മുൻ അധ്യക്ഷനുമായിരുന്ന എം.ടി. വാസുദേവൻ നായരുടെ വിയോഗം ഏറെ ദുഃഖകരമാണ്. സാമൂഹിക അനാചാരങ്ങളോടുള്ള വിയോജിപ്പു പ്രകടിപ്പിക്കാനും പുരോഗമനാശയങ്ങൾ ജനമനസ്സുകളിലെത്തിക്കാനും തന്റെ പേന ആയുധമാക്കിയ ഉത്പതിഷ്ണുവായിരുന്നു അദ്ദേഹം. മലയാള സാഹിത്യത്തിലും ചലച്ചിത്രരംഗത്തും പത്രാധിപർ എന്ന നിലയിലും അമൂല്യ സംഭാവനകൾകൊണ്ട് അദ്ദേഹം സ്വയം അടയാളപ്പെടുത്തി. ജനവിരുദ്ധമായ എന്തിനോടും പൊരുതാൻ അദ്ദേഹം അക്ഷരങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു. മതനിരപേക്ഷതയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. സഹജീവിസ്നേഹം മതങ്ങൾക്കതീതമാണെന്നു മനുഷ്യരെ ബോധ്യപ്പെടുത്താനും സ്ഥാപിക്കാനും സാഹിത്യരചനയുടെ തുടക്കം മുതൽ പ്രത്യേക ശ്രദ്ധ പുലർത്തി. നിരന്തരമായ സാംസ്കാരികജാഗ്രതയോടെ മലയാളത്തിന്റെ സാഹിത്യഭൂമികയിൽ ഇടപെട്ട അദ്ദേഹം സൂക്ഷ്മമായ നിരീക്ഷണങ്ങൾകൊണ്ടും നിസ്തുലമായ രചനാശൈലി കൊണ്ടും വേറിട്ടുനിന്നു. നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, കാലം, രണ്ടാമൂഴം, വാനപ്രസ്ഥം തുടങ്ങിയ കൃതികൾ ഉദാഹരണങ്ങളാണ്. നിർമാല്യം, സദയം, പരിണയം, ഒരു വടക്കൻ വീരഗാഥ തുടങ്ങിയ ചലച്ചിത്രങ്ങൾ മലയാളഭാഷയെ ദേശീയ ചലച്ചിത്ര പട്ടികയിൽ രേഖപ്പെടുത്തി.

എഴുത്തുകാരനേക്കാൾ മികച്ച വായനക്കാരനായിരുന്നു അദ്ദേഹം. എണ്ണമറ്റ വിശ്വസാഹിത്യകൃതികൾ അദ്ദേഹം മലയാളികളെ പരിചയപ്പെടുത്തി. കൈതൊട്ട മേഖലകളിലെല്ലാം പ്രതിഭയാവുക എന്ന അപൂർവ്വനേട്ടത്തിനുടമ. രാജ്യത്തിന്റെ പരമോന്നത സാഹിത്യപുരസ്കാരമായ ജ്ഞാനപീഠവും രാഷ്ട്രത്തിന്റെ സിവിലിയൻ ബഹുമതിയായ പത്മഭൂഷണും അടക്കമുള്ള പുരസ്കാരങ്ങൾ അതിന്റെ സാക്ഷ്യങ്ങളാണ്.

സ്വന്തം ആശയങ്ങളുടെ പ്രചാരകനും സംരക്ഷകനുമായി വിട്ടുവീഴ്ചയില്ലാതെ നിലകൊണ്ട ഏഴുപതിറ്റാണ്ടു കാലത്തെ സാർത്ഥകമായ എഴുത്തുജീവിതത്തിനാണ് പൂർണ്ണവിരാമമായത്. പക്ഷേ ആ ആശയങ്ങൾക്കു മങ്ങലേൽക്കുകയില്ല. അക്ഷരങ്ങൾ നിലനിൽക്കുന്നിടത്തോളം അവയും ജ്വലിച്ചു നിൽക്കും. ഈ വിയോഗം സാംസ്കാരിക കേരളത്തിന്റേതു മാത്രമല്ല, ലോകമെമ്പാടുമുള്ള അദ്ദേഹത്തിന്റെ വായനക്കാരുടെയും സിനിമാ ആസ്വാദകരുടെയും നഷ്ടം കൂടിയാണ്. അധ്യക്ഷനെന്ന നിലയിൽ അദ്ദേഹം സാഹിത്യ അക്കാദമിക്കു നൽകിയ നിസ്തുലമായ സംഭാവനകൾ സാദരം സ്മരിക്കുന്നു. എം.ടി. വാസുദേവൻ നായരുടെ വിയോഗത്തിൽ കേരള സാഹിത്യ അക്കാദമിയുടെ ഔപചാരികമായ അനുശോചനം രേഖപ്പെടുത്തുന്നു.

പൗരസ്ത്യ കൽദായ സുറിയാനി സഭ മാർത്ത് മറിയം വലിയ പള്ളി യൂത്ത്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 35-ാംമത് ക്രിസ്തുമസ് ക്വയർ മീറ്റ് മത്സരം സംഗീത സംവിധായകൻ (memories, My Boss,..) സെജോ ജോൺ ഉദ്ഘാടനം ചെയ്ത് മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത,മാർ അപ്രേം തിരുമേനി എന്നിവർ ചേർന്ന് ക്രിസ്തുമസ് കേക്ക് പങ്കുവെക്കുന്നു.

ക്വയർ മീറ്റ് 2024

തൃശ്ശൂർ : പൗരസ്ത്യ കൽദായ സുറിയാനി സഭ മാർത്ത് മറിയം വലിയപള്ളി യൂത്ത്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 35-ാംമത് ക്രിസ്തുമസ് ക്വയർ മീറ്റ് നടത്തി. മാർത്ത് മറിയം വലിയ പള്ളിയിൽ നടന്ന ചടങ്ങിൽ സംഗീത സംവിധായകൻ (memories, My Boss,..) സെജോ ജോൺ ഉദ്ഘാടനം ചെയ്തു. മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കുകയും മാർ അപ്രേം തിരുമേനി ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു.

വലിയപള്ളി വികാരി ഫാ. കെ ആർ ഇനാശു, അസ്സി. വികാരി ഫാ.ഡെൽമിൻ ഡേവിസ്, സെൻട്രൽ ബോർഡ് ട്രസ്റ്റി ചെയർമാൻ രാജൻ ജോസ്, സെൻട്രൽ യൂത്ത്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ജോഫിൻ ജെ ഒലൂക്കാരൻ കൈക്കാരന്മാരായ സോജൻ പി ജോൺ, ജോർജ് ചിരിയങ്കണ്ടത്ത്, വലിയ പള്ളി യൂത്ത് അസ്സി സെക്രട്ടറി അഭിരാഗ് ചാൾസ് എന്നിവർ പ്രസംഗിച്ചു.

തൃശ്ശൂർ ജില്ലയിലെ വിവിധ പള്ളികളിൽ നിന്നും വന്ന കൊയർ മത്സരത്തിൽ തൃശ്ശൂർ ഓൾ സെയിന്റ്സ് സി എസ്ഐ പള്ളി ഒന്നാം സ്ഥാനവും, ആർത്താട്ട് മാർ തോമാ ചർച്ച്, കുന്നംകുളം രണ്ടാം സ്ഥാനവും, മാർ അപ്രേം പള്ളി ചേലക്കോട്ടുകര, മൂന്നാം സ്ഥാനവും നേടി.

കരള ചെസ്സ് അസോസിയേഷനും ജ്യോതിർഗമയ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച ഏകദിന ചെസ്സ് ടൂർണമെൻറ് ജില്ലാ കളക്ടർ അനു കുമാരി ഐ എ എസ് ഉദ്ഘാടനം ചെയ്യുന്നു.ചലച്ചിത്ര പിന്നണി ഗായകൻ പട്ടം സനിത്ത്, ടിഫാനി ബ്രാർ സമീപം

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2849/2019

നടത്തറ ഗ്രാമീൺ നിധി ലിമിറ്റഡ് എന്ന സ്ഥാപനത്തിനുവേണ്ടി മാനേജിംഗ് ഡയറക്ടർ

-അന്യായം

1) സുഭാഷ് 2) സുബ്രഹ്മണ്യൻ etc

-പ്രതികൾ

1) തൃശൂർ താലൂക്ക്, തോളൂർ വില്ലേജ് ദേശത്ത് പടാപറമ്പിൽ സുബ്രഹ്മണ്യൻ മകൻ കൂലിപണി 32 വയസ് സുഭാഷ്
2) തൃശൂർ താലൂക്ക്, തോളൂർ വില്ലേജ് ദേശത്ത് പടാപറമ്പിൽ അപ്പു മകൻ പപ്പടംപണി 62 വയസ് സുബ്രഹ്മണ്യൻ (Died)
3) തൃശൂർ താലൂക്ക്, തോളൂർ വില്ലേജ് ദേശത്ത് പടാപറമ്പിൽ സുബ്രഹ്മണ്യൻ മകൾ 28 വയസ് ശ്രീകുട്ടി

-പ്രതികൾ

മേൽ നമ്പർ കേസിൽ 3-ാം പ്രതിക്കുള്ള നോട്ടീസ് സമൻസ് മുതലായ കോടതി കല്പനകൾ മേൽപറഞ്ഞ വിലാസങ്ങളിലും കോടതിയിലും പതിച്ചുനടത്തുവാൻ ഉത്തരവായി കേസ് **07-01-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ നിങ്ങൾ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ കോടതിയിൽ ഹാജരാകേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 26-12-2024
അന്യായഭാഗം അഡ്വക്കെറ്റ്
സനിൽ എ. ബി. (ഒപ്പ്)

മൻമോഹൻ സിങ്ങിനെ തേടിയെത്തിയ ഫോൺ കോൾ; ചരിത്രത്തിന്റെ ഭാഗമായ ജൂണിലെ ആ രാത്രി

1991ലെ ജൂൺ മാസം. അന്ന് നെതർലൻഡ്സിൽ നടന്ന ഒരു കോൺഫറൻസിൽ പങ്കെടുത്ത് മൻമോഹൻ സിങ്ങ് ന്യൂഡൽഹിയിലേക്ക് മടങ്ങി. നീണ്ട യാത്രയ്ക്കുശേഷം ക്ഷീണിതനായാണ് ഉറങ്ങാൻ കിടന്നത്. രാത്രി വളരെ വൈകിയിട്ടുണ്ടാകും അദ്ദേഹത്തിന്റെ വീട്ടിലെ ഫോൺ ബെല്ലടിച്ചു. ഫോൺ എടുത്തത് മൻമോഹൻ സിങ്ങിന്റെ മരുമകനായ വിജയ് തൻഹയായിരുന്നു. പ്രധാനമന്ത്രിയായിരുന്ന പി.വി നരസിംഹ റാവുവിന്റെ വിശ്വസ്ഥനായിരുന്ന പിസി അലക്സാണ്ടറായിരുന്നു ഫോൺ വിളിച്ചത്. അച്ഛൻ ഉറങ്ങുകയാണെന്ന് പറഞ്ഞപ്പോൾ അത്യാവശ്യമായി ഒരു കാര്യം പറയാനുണ്ടെന്നും ഒന്ന് ഉണർത്താമോ എന്നുമായിരുന്നു അലക്സാണ്ടർ ചോദിച്ചത്. ഏതാനും മണിക്കൂറുകൾക്കുള്ളിൽതന്നെ മൻമോഹൻ സിങ്ങും അലക്സാണ്ടറും കൂടിക്കാഴ്ച്ച നടത്തി.

മൻമോഹൻ സിങ്ങിനെ ധനകാര്യ മന്ത്രിയായി നിയമിക്കാനുള്ള നരസിംഹ റാവുവിന്റെ പദ്ധതിയെ കുറിച്ച് അലക്സാണ്ടർ മൻമോഹനോട് പറഞ്ഞു. പക്ഷേ അന്നത്തെ യുജിസി ചെയർമാനായിരുന്ന മൻമോഹൻ സിങ്ങ് അലക്സാണ്ടറുടെ വാക്കുകളെ ഗൗരവമായി എടുത്തില്ല.

കുടുംബാംഗങ്ങളുമായി ഇക്കാര്യം സംസാരിച്ചപ്പോഴും പ്രതീക്ഷിച്ചതുപോലെ അവർ എതിർത്തു. കുറച്ച് കാലം മുമ്പ് മാത്രം ലണ്ടനിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ മൻമോഹന്റെ ആരോഗ്യത്തെ കുറിച്ചോർത്ത് അവർക്ക് ആശങ്കയുണ്ടായിരുന്നു. രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും കോൺഗ്രസിന് വ്യക്തമായ ഭൂരിപക്ഷം ഇല്ലെന്നതും അവർ ചൂണ്ടിക്കാട്ടി. ഇതോടെ മൻമോഹൻ സിങ്ങിന് കൃത്യമായ ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല.

പക്ഷേ മറുവശത്ത് നരസിംഹ റാവു തീരുമാനത്തിൽ ഉറച്ചുനിന്നു. ജൂൺ 2ന് യുജിസി ഓഫീസിലായിരുന്ന മൻമോഹനോട് വീട്ടിൽപോയി ഭംഗിയായി വസ്ത്രം ധരിച്ച് സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ തയ്യാറായി വരാൻ പ്രധാനമന്ത്രി പറഞ്ഞു. അന്ന് പുതിയ ടീമിലെ അംഗത്തെ കണ്ട് എല്ലാവരും അമ്പരന്നുവെന്നും മൻമോഹൻ സിങ്ങിന്റെ മകൾ ധമൻ സിങ്ങ് എഴുതിയ 'Strictly Perosnal, Manmohan and Gursharan' എന്ന പുസ്തകത്തിൽ പറയുന്നു.

ഇന്ത്യൻ സാമ്പത്തിക ചരിത്രത്തിലെ വഴിത്തിരിവായി മാറുകയും ചെയ്തു ആ നിയമനം. 1991 മുതൽ 1996 വരെ മൻമോഹൻ സിങ്ങ് ഇന്ത്യയുടെ ധനകാര്യ മന്ത്രിയായി. സമഗ്ര സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ അദ്ദേഹത്തിനുള്ള പങ്ക് ലോകം അംഗീകരിച്ചു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആ കാലഘട്ടത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ പോലും ഡോ.മൻമോഹൻ സിങ്ങിന്റെ സ്വാധീനം അനുസ്മരിക്കപ്പെടും.

എം ടി വാസുദേവൻനായർക്ക് ആദരാഞ്ജലികൾ

മലയാളത്തിന്റെ കലാ-സിനിമ - സാഹിത്യ സാംസ്കാരിക മേഖലയിൽ തനതു വ്യക്തിത്വം സൃഷ്ടിച്ച് ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ നേടി എഴുത്തിന്റെ എല്ലാ മേഖലകളിലും തന്റെ കയ്യൊപ്പ് ചാർത്തി ജ്ഞാന പീഢം കയറിയ മഹാ പ്രതിഭ എംടി വാസുദേവൻ നായരുടെ കാല വിയോഗത്തിൽ സ്മരിണാജ്ജലി അർപ്പിക്കുന്നു. മലയാള സാഹിത്യ, സിനിമാ ലോകത്തെ ഏറെ സ്വാധിച്ച വ്യക്തിയാണ് ങ.ഠ. വാസുദേവൻ നായർ സാർ. അദ്ദേഹത്തിന്റെ സംഭാവനകൾ എല്ലാക്കാലവും ഓർമ്മിക്കും. എം ടി സാറിന്റെ എഴുത്തുശൈലി ലോക സാഹിത്യലോകത്തെ സ്വാധിനിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്ക് മുൻപിൽ പ്രണാമം. പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ആദരാജ്ഞലികൾ

ഇൻഡ്യൻ സാഹിത്യ ലോകത്തിന് മലയാള നാട് സംഭാവന ചെയ്ത വ്യക്തി പ്രഭാവമാണ് എം ടി വാസുദേവൻ നായർ സാർ. അദ്ദേഹത്തിന്റെ കഥാ സമാഹരങ്ങൾ മലയാള സിനിമയിലൂടെ ലോക ജനതയെ ഏറേ ചിന്തിപ്പിക്കുകയും സ്വാധിനിച്ചിട്ടുള്ളതും മാണ്. സാഹിത്യലോകത്ത് പകരം വെക്കാനില്ലാത്ത വ്യക്തിത്വം. ഓർമ്മകൾക്ക് മുൻപിൻ പ്രണാമം. പൗരസ്ത്യ കൽദായ സുറിയാനി സഭാകേന്ദ്ര ട്രസ്റ്റി ബോർഡിന്റെ ആദരാജ്ഞലികൾ.

മാർ ഔഗിൻ കുര്യാക്കോസ് മെത്രാപോലീത്ത
പൗരസ്ത്യ കൽദായ സുറിയാനി സഭ

വിവരാവകാശ കമ്മിഷൻ ക്യാമ്പ് സിറ്റിംഗ് ഇന്ന്

തൃശൂർ: സംസ്ഥാന വിവരാവകാശ കമ്മിഷൻ ഇന്ന് (ഡിസംബർ 27) തൃശ്ശൂരിൽ ക്യാമ്പ് സിറ്റിംഗ് നടത്തും. ഉച്ചകഴിഞ്ഞ് 2.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. എ. അബ്ദുൾ ഹക്കീമിന്റെ നേതൃത്വത്തിലുള്ള സംഘം തെളിവെടുപ്പ് ആരംഭിക്കും. നോട്ടീസ് ലഭിച്ച കേസുകളിൽ പരാതിക്കാലത്തെയും ഇപ്പോഴത്തെയും വിവരാധികാരി, ഒന്നാം അപ്പീൽ അധികാരി, ഹരജിക്കാർ, അഭിഭാഷകർ തുടങ്ങിയവർ പങ്കെടുക്കണം. ഉച്ചയ്ക്ക് 2.15 ന് രജിസ്ട്രേഷൻ ആരംഭിക്കും.

നാഷണൽ അവാർഡ് ജേതാവിന് ആദരവ്

ഇരിങ്ങാലക്കുട: ബാബാ സാഹിബ് അംബേദ്കർ വിശിഷ്ട സേവ നാഷണൽ അവാർഡ് 2024 ന് അർഹനായ ശ്രീ ഷാജു വാലപ്പൻ കല്ലേറ്റുംകരക്ക് മന്ത്രി ആർ.ബിന്ദു ഷാജു വാലപ്പന്റെ വസതിയിൽ നേരിട്ടെത്തി അനുമോദിച്ചുകൊണ്ട് പൊന്നാട അണിയിച്ച് ആദരിക്കുകയും കുടുംബത്തോടൊപ്പം ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്ത് കേക്ക് മുറിച്ച് മധുരം വിതരണം ചെയ്തു കൊണ്ട് മന്ത്രിയുടെ സാന്നിദ്ധ്യം അവിസ്മരണീയമാക്കി. മുരിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോസ് ചിറ്റിലപ്പിള്ളി ആദരിക്കൽ ചടങ്ങിലും കൃസ്തുമസ്സ് ആഘോഷത്തിലും സന്നിഹിതനായിരുന്നു.

കുടുംബങ്ങൾ മൂല്യാധിഷ്ഠിതമാകണം: ജസ്റ്റിസ് സി.കെ. അബ്ദുൽ റഹിം

കൊടുങ്ങല്ലൂർ: പ്രവിശാലമായസമൂഹത്തിന്റെ ഏറ്റവും അടിസ്ഥാനഘടകമായ കുടുംബങ്ങൾസദാചാരമൂല്യങ്ങളിൽ അധിഷ്ഠിതമാകണംഎന്ന് ജസ്റ്റിസ്.സി.കെ അബ്ദുൽറഹീംപ്രസ്താവിച്ചു.

കൊടുങ്ങല്ലൂരിലെ അതിപുരാധനമായ കണ്ണേഴത്ത് കുടുംബാംഗങ്ങളുടെകൂട്ടായ്മയായ കണ്ണേഴത്ത് കുടുംബസമിതിയുടെ 20-ാംവാർഷികവും കുടുംബസംഗമവും കുഞ്ഞാവ മാസ്റ്റർ നഗറിൽഉത്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു നിലവിലെ കേരള അഡ്മിനിസ്ട്രേറ്റിവ് ചെയർമാനായ ജസ്റ്റീസ് സി.കെ അബ്ദുറഹീം ന്യൂജൻ,ലിവ്ടുഗതർതുടങ്ങിയ അസാന്മാർഗ്ഗികമായസംസ്ക്കാരങ്ങളുടെകടന്നുവരവ് കുടുംബങ്ങളെ ആത്മീയമായും ഭൗതികമായും നശിപ്പിക്കുമെന്നത് തീർച്ചയാണ്.ഇതിനെതിരെ മതസംഹിതകളുടെയാഥാർത്ഥ്യവത്ക്കരണവും മാനവികതയുടെ ഉയർത്തെഴുന്നേൽപ്പുംആവശ്യമായഒരു കാലഘട്ടത്തിലൂടെയാണ്നമ്മുടെപ്രയാണമെന്ന് ജസ്റ്റീസ്പറഞ്ഞു.

കുടുംബ സമിതി പ്രസിഡണ്ട് അബ്ദുൽസലാമിന്റെ അധ്യക്ഷതയിൽ സമിതിയുടെ സ്ഥാപകസെക്രട്ടറിയും മുൻ പ്രസിഡണ്ടുമായ അഡ്വക്കേറ്റ് അബ്ദുൽകാദർമുഖ്യ പ്രഭാഷണം നടത്തി. സെകട്ടറി - ഗഗ ആസാദ് ട്രഷറർ - ഗഡ സുൽഫീക്കർ, കുടുംബ സമിതി അംഗങ്ങളായകെ.കെ. നസീർ കളമശ്ശേരി, അബ്ദുൾമജീദ്, സ് കുഞ്ഞിമുഹമ്മദ് കൈപ്പമംഗലം, സജിത്ത്, നൗഷാദ്, സലീം, ജിയാസ്,അബ്ദുൽലെത്തീഫ്.കെഎം, മുഹമ്മദ് ദസ്തഗീർ, കൊച്ചു ഖദീജ റംലമെയ്തീൻ, കെ.കെ.ബീരാൻ.

നിര്യാതയായി

ഷീജ

ഊരകം: കടലാശ്ശേരി മുണ്ടയ്ക്കപറമ്പിൽ സുനിൽകുമാറിന്റെ ഭാര്യ ഷീജ (55) നിര്യാതയായി. മക്കൾ : സുർജിത്ത്, സുജ. മരുമക്കൾ : രേഷ്മ (ബഹ്റൈൻ) ശ്രീകാന്ത്. സംസ്കാരം നടത്തി.

ഗവർണർ പദവിയിൽ പാർട്ടിക്ക് പുറത്തുള്ളവരെ പരിഗണിക്കണം: ഡോ എ.പി അബ്ദുൽഹക്കീം അസ്ഹരി

ആമ്പല്ലൂർ/തൃശൂർ: സജീവ കക്ഷി രാഷ്ട്രീയത്തിന് പുറത്ത് നിന്നുള്ളവരെ ഗവർണർ പദവിയിൽ നിയോഗിക്കുന്നത് സംസ്ഥാനങ്ങളും ഗവർണർമാരും തമ്മിലുള്ള കലഹങ്ങൾ ഒഴിവാക്കാൻ സഹായകമാകുമെന്ന് എസ് വൈ എസ് സംസ്ഥാന ജന:സെക്രട്ടറി ഡോ എ.പി അബ്ദുൽഹക്കീം അസ്ഹരി കാന്തപുരം അഭിപ്രായപ്പെട്ടു. കേരള യുവജന സമ്മേളനത്തിന്റെ ഭാഗമായി നടന്ന ആത്മീയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന് അഭിമാനമായ എത്രയോ പ്രതിഭകൾ നമ്മുടെ രാജ്യത്തുണ്ട്. അത്തരക്കാരെ ഇത്തരം ഭരണഘടനാ പദവികളിലേക്ക് പരിഗണിക്കുന്നത് രാജ്യത്തിന്റെ യശസ്സുയർത്തും. കക്ഷി രാഷ്ട്രീയത്തിൽ നിന്നുള്ളവരെ തന്നെ നിയമിക്കണം എന്ന് ഭരണഘടനയിൽ ഇല്ലെന്നും അദ്ദേഹം കൂട്ടിചേർത്തു. ചടങ്ങിൽ മുസ്ലിം ജമാഅത്ത് ജില്ലാ പ്രസിഡന്റ് സയ്യിദ് ഫസൽ തങ്ങൾ അധ്യക്ഷത വഹിച്ചു. സമസ്ത ജില്ലാ സെക്രട്ടറി പിഎസ്കെ മൊയ്തു ബാഖവി ഉദ്ഘാടനം ചെയ്തു. സയ്യിദ് ത്വാഹ സഖാഫി, സയ്യിദ് തുറാബ് അസഖാഫ്,ഡോ പി.എ ഫാറൂഖ് നഈമി, ദേവർശോല അബ്ദുസലാം മുസ്ലിയാർ, റഹ്മത്തുള്ള സഖാഫി എളമരം പ്രഭാഷണം നടത്തും.

ഐ എം കെ ഫൈസി,അഡ്വ പി.യു അലി,അബ്ദു ഹാജി കാദിയാളം,ഗഫൂർ മൂന്നുപീടിക, എസ് എം കെ തങ്ങൾ, വരവൂർ അസീസ് നിസാമി, അഡ്വ. ബക്കർ,അമീർ തളിക്കുളം,വി.എ ഷാഫി ഖാദിരി,അനസ് ചേലക്കര എന്നിവർ സംബന്ധിച്ചു.

എസ് വൈ എസ് സമ്മേളനത്തിന് ഇന്നു തുടക്കമാവും. എസ് വൈ എസ് കേരള യുവജന സമ്മേളനം ഇന്ന് ഉച്ച കഴിഞ്ഞ് 4ന് പ്രമുഖ അമേരിക്കൻ പണ്ഡതിൻ യഹിയ റോഡസ് ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എപി അബൂബക്കർ പ്രഭാഷണം നടത്തും.

പതിനായിരംസ്ഥിരം പ്രതിനിധകളുള്ള സമ്മേളനത്തിൽ നാളെ വൈകുന്നേരം 5ന് നടക്കുന്ന പൗരവകാശ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. അഡ്വ. ഹാരിസ് ബീരാൻ എംപി പ്രഭാഷണം നടത്തും.

ലഹരി വിരുദ്ധ ദീപം തെളിയിച്ച് വിദ്യാർത്ഥികൾ

വടക്കാഞ്ചേരി: ആഘോഷങ്ങളും ഉത്സവങ്ങളും ലഹരി വിരുദ്ധമായി ആഘോഷിക്കാൻ യുവജനങ്ങൾ മുന്നോട്ടു വരണമെന്ന് മേജർ പി.ജെ സ്റ്റൈജു. വെസ്റ്റ് മങ്ങാട് സെൻറ് ജോസഫ് ആൻഡ് സെന്റ് സിറിൽ ഹയർ സെക്കൻഡറി സ്കൂളിന്റെ എൻഎസ്എസ് ക്യാമ്പിൽ വിദ്യാർഥികളോട് സംവദിക്കുകയായിരുന്നു 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻസിസി ഓഫീസർ മേജർ പിജെ സ്റ്റൈജു. പഴഞ്ഞി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലാണ് സപ്തദിന ക്യാമ്പ് നടക്കുന്നത് വിദ്യാർഥികൾ ഇന്ന് ലഹരിയുടെയും മയക്കു മരുന്നുകളുടെയും പിന്നാലെ പോകുന്നത്, നല്ല ജീവിതമാതൃകകൾ

അവർക്ക് ലഭിക്കാത്തതു കൊണ്ടാണെന്ന് അതിനാൽ വായനയിലേക്കും പത്ര -പുസ്തക വായനയിലേക്ക് വിദ്യാർഥികളെ ആകർഷിപ്പിക്കേണ്ടത് അധ്യാപകരുടെയും രക്ഷിതാക്കളുടെയും കടമയാണെന്നും അദ്ദേഹം ഓർമ്മിച്ചിച്ചു പ്രിൻസിപ്പാൾ സജു കെ. വർഗീസ് അധ്യക്ഷത വഹിച്ച യോഗത്തിൽ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ആയ സി.ഫ് ആനീ ലഹരീ വിരുദ്ധ സന്ദേശം നല്കി. അധ്യാപകരായ ജോമി ജോബ് ഫെബി ജോർജ് സി എന്നിവർ സംസാരിച്ചു. വിദ്യാർത്ഥികളായ കെ സി ഷാരോൺ, ജീനറ്റ് മാണി, നന്ദന എം എ, റൈനഷൈജു, നിവേദ്യ ബാബുരാജ്, ശ്രീലക്ഷ്മി പി എസ് എന്നിവർ നേതൃത്വം നൽകി. സംവാദത്തിന്റെ സമാപനത്തിൽ മെഴുകുതിരികൾ കൈകളിലേന്തിയ വിദ്യാർത്ഥികൾക്ക് മേജർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

എം കെ ശങ്കരൻ കുട്ടി എഴുത്തച്ഛൻ സ്മൃതി പുരസ്കാരം മുൻ നിയമസഭാ സ്പീക്കർ അഡ്വ തേറമ്പിൽ രാമകൃഷ്ണനൻ മഹാത്മാ ഗാന്ധി അന്തരാഷ്ട്രീയ ഹിന്ദി സർവകലാശാല പ്രോ വൈസ് ചാൻസലർ ആയിരുന്ന ഡോ. എ. അരവിന്ദാക്ഷന് സമർപ്പിക്കുന്നു

കോടതി പരസ്യം

ബഹുമാനപ്പെട്ട ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 701/2023
IA: 2/2024

സന്തോഷ്കുമാർ, S/o. ചന്ദ്രൻ, കളത്തിങ്കൽ ഹൗസ്, ആണ്ടത്തോട്

-ഹരജിക്കാരൻ

1) റിയാസ്, S/o. മൊയ്തീൻ, എള്ളാത്തുവളപ്പിൽ ഹൗസ്, കാക്കാട്ടിരി, മല പി ഒ, പാലക്കാട്, കേരള-679534
2) ആൽബി എ പി, S/o. പൗളി, ആലുക്ക ഹൗസ്, നോർത്ത് ചാലക്കുടി, ചാലക്കുടി പി ഒ., തൃശൂർ-6803047

-1, 2 എതൃകക്ഷികൾ

മേൽ നമ്പ്രിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **31-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 06-12-2024
ഹരജിഭാഗം അഡ്വക്കെറ്റ്സ്
പി. ഡി ജോസ് & പി എസ് ഷോണിത്ത് (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 2468/2018
IA: 2/2023

United India Insurance co. Ltd, Thrissur

-ഹരജിക്കാരൻ

Aifes Rahiman, S/o. Abdul Rahiman, Valpadath House, Parapp, Kadangodu, Thrissur-680584 (RC Owner)

-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിയോട് ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കാൻ ഉത്തരവായി കേസ് **21-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് താങ്കളോ അഡ്വക്കെറ്റോ കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി കേസ് തീർപ്പ് കല്പിക്കുന്നതാണ്.

എന്ന്, 26-12-2024
ഹരജിഭാഗം അഡ്വക്കെറ്റ്
സിജ രാജൻ (ഒ